**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2333** **03-03-2025 - ൽ മറുപടിയ്ക്ക്**

**കേരളോത്സവത്തിൽ പങ്കെടുക്കുന്നതിന് ഉയർന്ന പ്രായപരിധിയിൽ ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരളോത്സവത്തിൽ പങ്കെടുക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 40 വയസ്സ് ആയതുമൂലം ഒരുപാട് ആളുകൾക്ക് പങ്കെടുക്കാൻ സാധിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിയമാവലിയിൽ മാറ്റം വരുത്തി ഉയർന്ന പ്രായപരിധിയിൽ ഇളവ് വരുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ; | (എ) | ഉണ്ട്. കേരളോത്സവത്തിൽ പങ്കെടുക്കുന്നതിനുള്ള പ്രായപരിധിയും മറ്റു വിഷയങ്ങളും സംബന്ധിച്ച് കേരളോത്സവം മാനുവൽ പരിഷ്കരിക്കുന്നതിനായി കേരളോത്സവം മാനുവൽ പരിഷ്കരണ സബ് കമ്മിറ്റി രൂപികരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാനുവൽ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ കായികവും യുവജനക്ഷേമവും വകുപ്പ് സ്വീകരിച്ച് വരുന്നു. |
| (ബി) | കേരളോത്സവുമായി ബന്ധപ്പെട്ട് പഞ്ചായത്തുകളിലെ ക്ലബ് അംഗങ്ങൾക്ക് ജേഴ്സിയും മറ്റ് സംവിധാനങ്ങളും നൽകുന്നതിന് വേണ്ട എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളത്; വ്യക്തമാക്കുമോ? | (ബി) | കേരളോത്സവത്തിന്റെ മാർഗരേഖയിൽ പഞ്ചായത്തുകളിലെ ക്ലബ് അംഗങ്ങൾക്ക് ജേഴ്സിയും മറ്റ് സംവിധാനങ്ങളും നൽകുന്നത് സംബന്ധിച്ച് പരാമർശമില്ല. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വേണമെങ്കിൽ മികച്ച ടീമിനെ തയ്യാറാക്കുന്നതിന് കായിക അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ജില്ലാതല മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് അതത് ബ്ലോക്ക് - മുനിസിപ്പാലിറ്റി - കോർപ്പറേഷൻ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് യാത്രാബത്ത നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ ക്ലബ് അംഗങ്ങൾക്ക് ജേഴ്സിയും മറ്റ് സംവിധാനങ്ങളും നൽകുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ മാർഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സ്പോർട്സ് ഉപകരണങ്ങൾ നൽകി വരുന്നുണ്ട്. പല തദ്ദേശസ്ഥാപനങ്ങളും സ്പോൺസർഷിപ്പ് അടിസ്ഥാനത്തിൽ ജേഴ്സിയും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ